പരിഷ്കരണത്തിന്റെ ഭാഗമായ പ്ലേയ്സ്മെന്റുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) പ്രസ്തുത ആനുകൂല്യം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ആയത് എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) യു.ജി.സി.യുടെ 2010-ൽ നടപ്പാക്കിയിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പ്ലേയ്സ്മെന്റുകൾ അദ്ധ്യാപകർക്ക് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. 2010-ലെ യു.ജി.സി. റഗുലേഷൻസ് പ്രകാരം പ്ലേയ്സ്മെന്റുകൾ അക്കാഡമിക് പെർഫോമൻസ് ഇൻഡിക്കേറ്റർ (എ.പി.ഐ.) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അനുവദിക്കേണ്ടത്. പ്രസ്തുത മാനദണ്ഡങ്ങൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസ്സൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

പുനലൂർ നിയോജകമണ്ഡലത്തിൽ ഗവ. ആർട്സ് & സയൻസ് കോളേജ്

8(2852) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ നിയോജക മണ്ഡലത്തിൽ ആര്യങ്കാവ്, തെൻമല, കുളത്തൂപ്പുഴ എന്നീ മലയോര പഞ്ചായത്തുകളിൽ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഏറെ കുറവായതിനാൽ പ്രസ്തുത പഞ്ചായത്തുകളിൽ ഏതെങ്കിലും ഒന്നിൽ ഒരു ഗവ. ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സ്വയംഭരണ കോളേജുകൾ

9(2853) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്വയംഭരണ കോളേജുകളാണ് ആരംഭിച്ചതെന്നും ഇവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഏതെല്ലാം കോഴ്സുകളിലായി എത്ര കുട്ടികൾ ആണ് പഠിക്കുന്നത്; വിശദാംശം നല്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ചുവടെ ചേർത്തിട്ടുള്ള 13 കോളേജുകൾക്ക് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്.

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം,
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി
4. മഹാരാജാസ് കോളേജ്, എറണാകുളം
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം
6. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
9. എം.ഇ.എസ്. കോളേജ്, മാമ്പാട്, മലപ്പുറം
10. ഫറോക്ക് കോളേജ്, കോഴിക്കോട്
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്
12. ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട, തൃശ്ശൂർ
13. വിമല കോളേജ്, തൃശ്ശൂർ (2016-17 മുതൽ)

(ബി) സ്വയംഭരണ പദവി ലഭിച്ച കോളേജുകളിലെ കോഴ്സുകളെയും പഠിക്കുന്ന കുട്ടികളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

പ്രത്യേക വിദ്യാഭ്യാസ മേഖല

10(2854) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് പ്രത്യേക വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുന്നത് പ്രത്യേക സാമ്പത്തിക മാതൃകയിലാണോ ;

(ബി) പ്രത്യേക വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കുന്ന തരത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.